## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2657** **02.04.2013 ൽ മറുപടിക്ക്**

**<u>സെൽഫ് ഫിനാൻസിംഗ് സ്കൂളുകളിലെ ജീവനക്കാര്യം</u>**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. പി.കെ. ബഷീർ** | | **ശ്രീ.പി.കെ.അബ്ദു റബ്ബ്**<br>**( വിദ്യാഭ്യാസ വകുപ്പു മന്ത്രി)** | |
| (എ) | സി.ബി.എസ്.ഇ/ഐ.എസ്.സി സെൽഫ് ഫൈനാൻസിംഗ് സ്കൂളുകളിലെ ജീവനക്കാരുടെ കാര്യത്തിൽ ഹൈക്കോടതി 1042/2012 -ാം നമ്പർ റിട്ട് അപ്പീലിൽ പുറപ്പെടുവിച്ച വിധി ന്യായത്തിലെ നിർദ്ദേശങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിർദ്ദേശങ്ങൾക്കു വിരുദ്ധമായി ഇപ്പോഴും മാനേജ്മെന്റുകൾ പെരുമാറുന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | (ബി) | ഇല്ല |
| (സി) | ജീവനക്കാരുടെ ചെക്ക് ബുക്കു കളിൽ അവരെക്കൊണ്ട് ഒപ്പിടുവിച്ച് സ്കൂളിൽതന്നെ സൂക്ഷിക്കുന്ന നിയമവിരുദ്ധ നടപടി മാനേജ്മെന്റുകൾ തുടരുന്ന സാഹചര്യത്തിൽ കോടതി നിർദ്ദേശിച്ച പ്രകാരമുള്ള പരിശോധനകളും നിയമനടപടികളും കർശനമാക്കുമോ; | (സി), & (ഡി) | സംസ്ഥാനത്ത് സി.ബി.എസ്.സി/ ഐ.സി.എസ്.സി സ്കൂളുകൾ പ്രവർത്തിക്കുന്നതിന് വ്യക്തമായ മാനദണ്ഡങ്ങൾ നിലവിൽ ഉണ്ട്. ഇത് ലംഘിക്കുന്ന സ്കൂളുകൾക്കെതിരെ പരിശോധന നടത്തുന്നതിനും നടപടി യെടുക്കുന്നതിനും ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുതൽ അധികാരപ്പെടുത്തി യിട്ടുമുണ്ട്. |
| (ഡി) | അവധി ആവശ്യപ്പെടുന്നവരെയും മാനേജ്മെന്റിന്റെ പീഡനത്തി നെതിരെ പ്രതികരിക്കുന്ന ജീവനക്കാ രെയും പിരിച്ചുവിടുന്ന നടപടി തടയാൻ ആവശ്യമായ മുൻകരുതൽ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ